ഉത്തരം

സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ സപ്ലൈകോ മുൻഗണന നൽകിവരുന്നത്. ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട കൊരട്ടി പഞ്ചായത്തിൽ കൊരട്ടിയിൽ ഒരു സൂപ്പർ മാർക്കറ്റും, മേലൂർ പഞ്ചായത്തിലെ മേലൂരിൽ ഒരു മാവേലി സ്റ്റോറും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരിൽ സപ്ലൈകോ ഔട്ട് ലെറ്റ് പ്രവർത്തിക്കുന്നതായ പഞ്ചായത്തിൽ രണ്ടാമതൊരു ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള സ്ഥാപന സൗകര്യങ്ങളായ 500 ചതുരശ്ര അടിയിൽ കുറയാത്ത വാടക രഹിത കെട്ടിടവും, (സ്റ്റോർ പ്രവർത്തിക്കുന്ന കാലയളവോളം), കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിഷിംഗ് എന്നിവയ്ക്കായി ഒരു ലക്ഷം രൂപയും നൽകുവാൻ തയ്യാറാവുകയും മുൻപ്രസ്താവിച്ച സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യപരമായും ഗുണമാണെന്ന് കണ്ടാൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ റേഷൻ കാർഡുകളുടെ വിതരണം

234 (1318) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ എന്ന് മുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉപയോഗിച്ചുകൊണ്ടിരിക്കുന്ന റേഷൻ കാർഡിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും പ്രസ്തുത കാർഡുകളുടെ കാലാവധി എത്ര സമയം വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഏജൻസികളെയാണ് കാർഡ് പുതുക്കുന്നതിനായി പ്രത്യേകം ഏൽപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റേഷൻ കാർഡ് പുതുക്കലിൽ തെറ്റുകൾ ആവർത്തിച്ചതിനാൽ പുതിയ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പുതിയ കാർഡ് നിലവിൽ വരുമ്പോഴും പഴയ കാർഡ് ഉപയോഗിക്കാവുന്നതാണ്. എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ ഉപയോഗിക്കുന്ന കാർഡ് വഴി ഗുണഭോക്താക്കൾക്ക് ലഭിക്കും.

(സി) സർക്കാർ ഏജൻസിയായ സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. ഡാറ്റാ എൻട്രിക്കായി സർക്കാർ ഏജൻസികളായ സി-ഡിറ്റ്, അക്ഷയ, കുടുംബശ്രീ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) ഇല്ല.

പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

235 (1319) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻകാർഡുടമകൾക്ക് പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) രേഖപ്പെടുത്തിയ വിവരങ്ങളിൽ കടന്നുകൂടിയ തെറ്റുകളും പിശകുകളും തിരുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ ;

(സി) പുതിയ റേഷൻകാർഡുകൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പുതിയ റേഷൻ കാർഡ് നൽകുന്നതിനായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ -പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുത്ത് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly